പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.272 | 26.09.2016 ൽ മറുപടിയ്ക്ക്

വിലക്കയറ്റം പിടിച്ചുനിർത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിലക്കയറ്റം പിടിച്ചു നിർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ? | (എ) ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 സാമ്പത്തിക വർഷത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണിയിടപെടലിനായി അനുവദിച്ച തുകയായ 70 കോടി രൂപ 150 കോടി രൂപയായി വർദ്ധിപ്പിച്ചു. അതിൽ നിന്നും 2016 സെപ്റ്റംബർ മാസം വരെ 131.42 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. ഈ സഹായ മുപയോഗിച്ച് ഓണക്കാലത്ത് എല്ലാ കാർഡുടമകൾക്കുമുള്ള സ്പെഷ്യൽ പഞ്ചസാര വിതരണം, എല്ലാ BPL കാർഡുടമകൾക്കും (2 കിലോ ഗ്രാം മട്ട അരി, 200 ഗ്രാം മുളക്, 100 ഗ്രാം തേയില എന്നിവ അടങ്ങിയ) സൗജന്യ ഓണക്കിറ്റ് എന്നിവ സപ്ലൈകോ വിതരണം ചെയ്തിട്ടുണ്ട്.<br><br>അവശ്യഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിയതുമൂലം കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, ഊഹക്കച്ചവടം എന്നിവ മൂലമുള്ള കൃത്രിമ ക്ഷാമം, കൃത്രിമ വിലക്കയറ്റത്തിനുള്ള സാധ്യത എന്നിവ ഇല്ലാതാക്കാൻ സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ട്. |

സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത മഞ്ചേശ്വരം, ചൊക്ലി, ബെള്ളൂർ, ചിന്നക്കനാൽ, എടവക എന്നീ അഞ്ചു പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിച്ചു. കൂടാതെ മുൻ വർഷ വിൽപ്പന, മുൻ മാസ വില്പന എന്നിവ കണക്കിലെടുത്ത് ആവശ്യത്തിന് സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കുവാൻ നിർദ്ദേശം നൽകി.

കൂടാതെ സംസ്ഥാനത്തുടനീളം 4 മെട്രോ ഫെയറുകൾ ഉൾപ്പെടെ 94 റംസാൻ ചന്തകൾ നടത്തി റംസാൻ വിഭവങ്ങൾ ഉൾപ്പെടെയുള്ള അവശ്യഭക്ഷ്യ വസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കി.

ഈ ഓണം — ബക്രീദ് ഉത്സവകാലത്ത് 14 ജില്ലാ ഫെയറുകൾ 75 താലൂക്ക് ഫെയറുകൾ, 71 ഓണം മാർക്കറ്റുകൾ എന്നിവ മുഖേന പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായ വിലയ്ക്ക് ലഭ്യമാക്കി. മാവേലി സ്റ്റോറുകളില്ലാത്ത 25 പഞ്ചായത്തുകളിലും ഓണച്ചന്തകൾ സംഘടിപ്പിച്ചു. മാവേലി സ്റ്റോറുകളില്ലാത്ത മറ്റു '7' പഞ്ചായത്തുകളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ വഴി ഓണക്കാലത്ത് അവശ്യസാധനങ്ങൾ ലഭ്യമാക്കി കൂടാതെ സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പന ശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിച്ചു. ഇപ്രകാരം സംസ്ഥാനത്തുടനീളം 1464 ഓണച്ചന്തകൾ പ്രവർത്തിച്ചു.

സെക്ഷൻ ഓഫീസർ